**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 273** **04-10-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ മുൻഗണന പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | റേഷൻ മുൻഗണന പട്ടികയിൽ അനർഹർ ഉൾപ്പെടുകയും അർഹരായവർ പുറത്തുനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, അനർഹരായവരെ ഒഴിവാക്കിയതിനുശേഷം മാത്രമേ അർഹരായവർക്ക് മുൻഗണന പട്ടികയിൽ ഇടം നൽകാൻ സാധിക്കുകയുള്ളൂ എന്ന നിലപാട് നീതിനിഷേധമായതിനാൽ ഇക്കാര്യത്തിൽ ഫലപ്രദമായ ബദൽ മാർഗങ്ങൾ നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) | കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളുടെ എണ്ണം 1,54,800,40 അംഗങ്ങളായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ചു നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ അനർഹരായവരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അനുവദനീയമായ മുൻഗണനാ ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്താനാകൂ എന്നത് പരിഗണിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടപ്പാക്കി വരുന്നു. സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിലേക്ക് വീണ്ടും കത്തു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ